LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനു വേണ്ടി 2,25,00,000 (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) പ്ലാൻ ഫണ്ടിലും 50,00,000 (അൻപത് ലക്ഷം രൂപ) നോൺപ്ലാൻ ഫണ്ടിലും വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഫെസ്റ്റിവൽ സിനിമ കാണുന്നതിന് ഡെലിഗേറ്റുകൾ തിയേറ്ററുകളിൽ നിന്ന് സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. പ്രസ്തുത ടിക്കറ്റുകളുടെ അടിസ്ഥാനത്തിലായിരിക്കും തിയേറ്ററുകളിൽ പ്രവേശനം.

(സി&ഡി) ഐ.എഫ്.എഫ്.കെ. 2013-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അഞ്ച് കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർണ്ണമായ ചെലവുകൾ ചലച്ചിത്ര അക്കാദമിയിലെ ഇന്റേണൽ ഓഡിറ്റ് തീരുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. ഷെഡ്യൂളിന് ആനുപാതികമായി ബസുകൾ

323 (2198) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഷെഡ്യൂളിന് ആനുപാതികമായി എത്ര ബസുകൾ ആവശ്യമുണ്ടെന്നും എത്ര ബസുകളുടെ കുറവ് നിലവിലുണ്ടെന്നും ഡിപ്പോ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഷെഡ്യൂളിന് ആനുപാതികമായി ബസുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 5668 ഷെഡ്യൂളുകളാണുള്ളത്. ഈ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 6365 ബസുകൾ ആവശ്യമാണ്. നിലവിൽ 5603 ബസുകളാണുള്ളത്. ഇപ്പോൾ 762 ബസുകളുടെ കുറവ് ഉണ്ട്. ഡിപ്പോ അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിൽ 320 JnNURM പദ്ധതിയിൽപ്പെട്ട ബസുകൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 1500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ബസുകളുടെ ബോഡി നിർമ്മാണം വിവിധ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകളുടെ കുറവ് പരിഹരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.